**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 113** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ കാവൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2021 ഡിസംബർ , 2022 ജനുവരി എന്നീ മാസങ്ങളിൽ ഓപ്പറേഷൻ കാവലുമായി ബന്ധപ്പെട്ട് ഗുണ്ടകളും സാമൂഹിക വിരുദ്ധരുമായി എത്രപേരെ പോലീസ് പിടികൂടിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | ഓപ്പറേഷൻ കാവലുമായി ബന്ധപ്പെട്ട് 2021 ഡിസംബർ മാസത്തിൽ 9365 പേരെയും 2022 ജനുവരി മാസത്തിൽ 5015 പേരയും പോലീസ് പിടികൂടിയിട്ടുണ്ട്. |
| (ബി) | ഇവരിൽ എത്ര പേരെ അറസ്റ്റ ചെയ്ത് ജയിലിൽ അടച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) | ഇവരിൽ 2021 ഡിസംബർ മാസത്തിൽ 146 പേരെയും 2022 ജനുവരി മാസത്തിൽ 295 പേരെയും ജയിലിൽ അടച്ചിട്ടുണ്ട്. ക്രിമിനൽ കേസിൽ ഉൾപ്പെട്ടവർക്കെതിരെ Rowdy History Sheet open ചെയ്തിട്ടുള്ളതും, ആവശ്യമായവർക്കെതിരെ KAPPA നിയമപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും Cr.PC സെക്ഷൻ 107,108,109,110 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | സംസ്ഥാനത്ത് മുൻപില്ലാത്തവിധം ഗുണ്ടകളുടെയും, സാമൂഹിക വിരുദ്ധരുടെയും അക്രമം പെരുകുമ്പോൾ ഇവർക്ക് എതിരെ കാപ്പാ നിയമം ചുമത്തുവാൻ ബന്ധപ്പെട്ടവർ തയ്യാറാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കാപ്പാ നിയമം ചുമത്തിയവരുടെ എണ്ണം 2019-148, 2020-130, 2021-195 എന്നിങ്ങനെയാണ്. |

സെക്ഷൻ ഓഫീസർ